**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 737 | 24.01.2018 -ൽ മറുപടിക്ക്

## ടൂറിസം മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) നോട്ട് നിരോധനം, ജി.എസ്.ടി., ഓഖി ദുരന്തം എന്നിവ ടൂറിസം മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | എ) നോട്ട് നിരോധനം, ജി.എസ്.ടി എന്നിവ ടൂറിസം മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ഓഖി ദുരന്തം സംബന്ധിച്ച പ്രത്യാഘാതം വിലയിരുത്തിയിട്ടില്ല. നോട്ട് നിരോധനം നിലവിൽ വന്ന നവംബർ 2016-ൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2015 നവംബർ മാസ വുമായി താരതമ്യപ്പെടുത്തുമ്പോൾ 0.5% കുറവുണ്ടായി ട്ടുണ്ട്. എന്നാൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 6.98% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ ആഭ്യന്തര / വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവാണ് കാണുന്നത്. എന്നാൽ ജി.എസ്.ടി നിലവിൽ വന്ന 7/2017 ലെ കണക്കുകൾ പ്രകാരം ആഭ്യന്തര / വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 18.52 % ഉം 28.03 % ഉം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പക്ഷെ 8/2017, 09/2017 ലെ സ്ഥിതി വിവരക്കണക്കുകൾ പ്രകാരം ആഭ്യന്തര വിനോദസഞ്ചാരികളുടെ വർദ്ധനവിന്റെ ശതമാനം 9.12% ഉം 5.29% ഉം ആയി കുറഞ്ഞു. എന്നാൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 8/2017, 9/2017 മാസങ്ങളിൽ 9.05% ഉം 12.62% ഉം ഇടിവാണ് കാണിക്കുന്നത്. ആയതിനാൽ പുതിയ ജി.എസ്.ടി നിയമം 8/2017, 9/2017 മാസങ്ങളിൽ വിനോദസഞ്ചാരികളുടെ വർദ്ധനവിലും, എണ്ണത്തിലും കുറവ് വരുത്തിയിട്ടുണ്ട്. |

ബി) ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

ബി) വിദേശത്തും സ്വദേശത്തും റോഡ്ഷോകളും ഫെയറുകളും സംഘടിപ്പിച്ചതിലൂടെയും നവ മാധ്യമങ്ങളിൽ പ്രചരണം ത്വരിതപ്പെടുത്തലിലൂടെയും ടൂറിസം രംഗത്ത് ഉണ്ടായ മാന്ദ്യം പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്.

സി) സർക്കാരിന്റെ പുതിയ മദ്യനയം ടൂറിസം മേഖലയിൽ നിലനിൽക്കുന്ന മരവിപ്പ് മാറ്റുന്നതിന് ഒരു പരിധിവരെ സഹായകരമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

സി) 2017 ജൂൺ മാസമാണ് പുതിയ മദ്യനയം നിലവിൽ വന്നത്. ആയതിനാൽ 6/2017 മുതൽ 9/2017 വരെയുള്ള വിനോദസഞ്ചാരികളുടെ കണക്കുകളും 6/2016 മുതൽ 9/2016 വരെയുള്ള കണക്കുകളുടെയും താരതമ്യ വ്യതിയാന പട്ടികകളിൽ നിന്നും ലഭിച്ച സൂചനകൾ പ്രകാരം 6/2017-ൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 15.22% ഉം, 7/2017 ൽ 18.52% ഉം 8/2017 ൽ 9.12% ഉം 9/2017 ൽ 5.29% ഉം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 6/2017 ൽ 17.85 % ഉം 7/2017 ൽ 28.03% ഉം വർദ്ധനവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 8/2017 ൽ 9.05% ഉം 9/2017 ൽ 12.62% ഉം കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ നിന്നും പുതിയ മദ്യനയം വന്ന 6/2017 ലും തുടർന്നുള്ള 7/2017 ലും ആഭ്യന്തര / വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉള്ളതായി കാണുന്നെങ്കിലും തുടർന്ന് ജി.എസ്.ടി നിരക്കുകൾ നിലവിൽ വന്ന 7/2017 നുശേഷം 8/2017, 9/2017 മാസങ്ങളിലായി ആഭ്യന്തര വിനോദസഞ്ചാരികളുടെ വളർച്ചാ നിരക്ക് കുറയുന്നതായും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് വരികയും വിനോദസഞ്ചാരികളുടെ എണ്ണം നെഗറ്റീവ് വളർച്ചാ നിരക്കിലേക്ക് പോകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.